(8) പന്തളം അർബൻ വാട്ടർ സപ്ലൈ സ്കീം, നൂറനാട് റൂറൽ വാട്ടർ സപ്ലൈ സ്കീം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. പി. കെ. കുമാരൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ പന്തളം അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെയും ചുനക്കര പാലമേൽ നൂറനാട് പഞ്ചായത്തുകൾക്കുള്ള നൂറനാട് വാട്ടർ സപ്ലൈ സ്കീമിന്റേയും പണികൾ വളരെ വേഗത്തിൽ ആരംഭിക്കണമെന്ന അഭ്യർത്ഥനയാണ് ഞാൻ സമർപ്പിക്കുന്നത്. 1994-ൽ 720 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിയാണ് എൽ.ഐ.സി. സഹായത്തോടെ പന്തളം വാട്ടർ സപ്ലൈ സ്കീം എന്ന നിലയിൽ അംഗീകരിച്ചത്. 8 കോടിയോളം രൂപ ചെലവു വരുന്ന പദ്ധതിയാണ് 1997-ൽ അംഗീകരിച്ച നൂറനാട് വാട്ടർ സപ്ലൈ സ്കീം. ഈ 2 പദ്ധതികൾക്കും എൽ.ഐ.സിയുടെ സഹായം അനുവദിച്ചിട്ടുണ്ട്. ഈ സഹായമെല്ലാം കിട്ടിയിട്ടും ഈ പദ്ധതികൾ നാളിതുവരെ നടപ്പിലാക്കാൻ വാട്ടർ അതോറിറ്റിയുടെ ചുമതലപ്പെട്ടവർ നടപടി സ്വീകരിക്കുന്നില്ല. പദ്ധതിക്ക് ആവശ്യമായ ഭൂമി പൊന്നും വിലയ്ക്കെടുത്ത് കൊടുക്കേണ്ടത് റവന്യൂ ഡിപ്പാർട്ടുമെന്റാണ്. ഈ കാര്യത്തിൽ ബന്ധപ്പെട്ടവർ തികഞ്ഞ നിരുത്തരവാദവും നിഷേധാത്മകവുമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇത് പരിശോധിക്കണം. പന്തളം വാട്ടർ സപ്ലൈ സ്കീമിന് 1994-ൽ ആദ്യഗഡു നൽകിയിട്ട് ഇപ്പോൾ 7 വർഷമായിരിക്കുന്നു. 1998-ൽ നൂറനാട് വാട്ടർ സപ്ലൈ സ്കീമിനുള്ള എൽ.ഐ.സി.യുടെ ആദ്യഗഡുവും നൽകിയിട്ടുണ്ട്. ഒരു പദ്ധതിക്ക് അനുവാദവും പണവും നൽകിയാലും അത് ആരംഭിക്കാത്തത് ദുഃഖകരമാണ്. സാങ്കേതികമായ ന്യായം പറഞ്ഞ് പദ്ധതി നടപ്പിലാക്കാതെയിരിക്കുകയാണ്. ഓരോ ദിവസം കഴിയുന്തോറും എസ്റ്റിമേറ്റ് വളരുകയും ചെയ്യും. ഈ സ്ഥിതി കടുത്ത അഴിമതിക്ക് അവസരമുണ്ടാക്കുകയാണ്. ഞാൻ വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നത്, ഈ രണ്ട് പദ്ധതികൾക്കും ആവശ്യമുള്ള ഭൂമി വളരെ വേഗം ഏറ്റെടുത്ത് ഏതാനും മാസങ്ങൾക്കുള്ളിൽ ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾക്ക് ബഹുമാനപ്പെട്ട മന്ത്രി തന്നെ മുൻകൈയെടുത്ത് നിർദ്ദേശം നൽകണമെന്നാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : പന്തളം റൂറൽ വാട്ടർ സപ്ലൈ സ്കീം 1960-ൽ കമ്മീഷൻ ചെയ്തതാണ്. ഈ സ്കീമിൽ 90 സ്ട്രീറ്റ് ടാപ്പുകളും 37 ഹൗസ് കണക്ഷനുകളുമുണ്ട്. ഈ സ്കീമിന്റെ നിർമ്മാണപ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ചതാണ്. നിലവിലുള്ള പന്തളം റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ സ്രോതസ്സിലെ ജലം ഉപയോഗപ്പെടുത്തിക്കൊണ്ട് പന്തളം അർബൻ വാട്ടർ സപ്ലൈ സ്കീമിനു 7, 54.1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പന്തളം മണികണ്ഠൻ ആൽത്തറയ്ക്കു സമീപം നിർമ്മിക്കാനുദ്ദേശിക്കുന്ന ജലശുദ്ധീകരണശാലയിൽ ജലമെത്തിച്ച് അവിടെ നിന്നും മൂന്നു സ്രോതസ്സുകളിലേയ്ക്ക് ശുദ്ധജലം വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എൽ.ഐ.സി.യുടെ സഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ട സ്ഥലം വാട്ടർ അതോറിറ്റിക്ക് വിട്ടുകൊടുക്കുന്നതിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അഖില കേരള അയ്യപ്പസേവാസംഘം പരാതികൾ സമർപ്പിച്ചിട്ടുള്ളതായി പത്തനംതിട്ട പൊന്നുംവില സ്പെഷ്യൽ തഹസീൽദാർ അറിയിക്കുകയും പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ സ്ഥലം പകരം വിട്ടുകൊടുക്കുവാൻ പരാതിക്കാർ തയ്യാറാവുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ ആ സ്ഥലം പരിശോധിച്ചുവെങ്കിലും സാങ്കേതികമായി അനുയോജ്യമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ പിന്നീട് മങ്കാരം എന്ന അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിച്ച് മൂന്നുവർഷംകൊണ്ട് പണി പൂർത്തിയാക്കി ശുദ്ധജലം വിതരണം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചുനക്കര, നൂറനാട്, പാലമേൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ഫെയ്സ് 1. എൽ.ഐ.സിയുടെ സഹായത്തോടുകൂടി ചുനക്കര, നൂറനാട് വില്ലേജുകൾക്കും ഫെയ്സ് 2 പാലമേൽ വില്ലേജിനും വേണ്ടിയുള്ളതാണ്. ഫെയ്സ് 1 ന് 805 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫെയ്സ് 2 ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുകയാണ്. ഇതിന് 325 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം പാലമേൽ പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്. പദ്ധതിക്കായി ഉദ്ദേശിച്ചിരുന്ന സ്ഥലം ഇപ്പോൾ ലഭ്യമല്ലായെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. മറ്റൊരു സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഉദ്ദേശിച്ചിരുന്ന സ്ഥലത്തുനിന്നും പുതിയ സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് പ്രോജക്ട് റിപ്പോർട്ടിൽ ചില വ്യതിയാനങ്ങൾ വരുത്തി. അത് പരിശോധിച്ച് അനുമതി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(9) പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ ജീവനക്കാർ നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ച്

ഡോ. എ. നീലലോഹിതദാസൻ നാടാർ : കേരള എൻ.ജി.ഒ. സെന്ററിന്റെ പ്രവർത്തകർ ഇന്ന് സെക്രട്ടേറിയറ്റിനു മുമ്പിൽ ഒരു മാർച്ചും ധർണയും നടത്തുകയാണ്. 1998 മേയ് 27-ന് പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലിലെ ജീവനക്കാരുടെ ആവശ്യങ്ങളെ സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുമായി ബന്ധപ്പെട്ട മന്ത്രി ഒരു ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയിൽ കൈക്കൊണ്ട തീരുമാനങ്ങൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല എന്ന പരാതിയുമായിട്ടാണ് എൻ.ജി.ഒ. സെന്ററിന്റെ പ്രവർത്തകന്മാർ ധർണയും മാർച്ചും സംഘടിപ്പിച്ചിരിക്കുന്നത്. ആ തീരുമാനങ്ങൾ നടപ്പാക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം സംബന്ധിച്ച മറുപടിയാണ് പറയുന്നത്. 1993-നു മുമ്പ് നിയമിതരായ വാർഡൻമാർക്ക് ഇപ്പോൾത്തന്നെ 2:1 എന്ന ക്രമത്തിൽ പ്രൊമോഷൻ ലഭിക്കുന്നുണ്ട്. 1993-നു ശേഷം വാർഡർമാരുടേയും ക്ലാർക്കുമാരുടേയും കേഡറുകൾ ഒന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly